പ്രകാരം ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ നിന്നും താൽക്കാലികമായി 10 കോടി രൂപ 1999 ഒക്ടോബർ മാസത്തിൽ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രതിസന്ധി കുറയ്ക്കുന്നതിന് ഒരളവ് വരെ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഈ കമ്പനിയുടെ പൊതുവായിട്ടുള്ള റീവൈവൽ പാക്കേജിനുള്ള പരിപാടികൾക്ക് രൂപം കൊടുത്തു വരികയാണ്. കോർപസ് ഫണ്ട് പൂർണ്ണമായി കഴിഞ്ഞാൽ ഉടനെ അതിൽ നിന്നുള്ള പണമുപയോഗിച്ച് ഇതിന്റെ പുനരുദ്ധാരണ പരിപാടികൾ നടക്കും. പക്ഷെ ഈ കമ്പനിയെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട പ്രശ്നം അതിന്റെ ഉൽപന്നങ്ങൾക്ക് ഇന്നു കിട്ടുന്ന മാർജിൻ വളരെ കുറവാണ് എന്നതാണ്. വിദേശത്തേക്ക് നമ്മൾ അയയ്ക്കുന്ന ഓർഡറുകൾക്ക് നല്ല വില കിട്ടുന്നുണ്ടെങ്കിലും ആഭ്യന്തരമായി കിട്ടുന്ന വിലയിൽ അതിന്റെ മാർജിൻ വളരെ കുറവാണ്. അതുകൊണ്ട് വളരെ സൂക്ഷിച്ചു നടത്തിയെങ്കിൽ മാത്രമേ ഈ സ്ഥാപനത്തെ രക്ഷിക്കാൻ കഴിയൂ. അതിനാവശ്യമായ പണം കോർപസ് ഫണ്ടിൽനിന്നും കൊടുത്ത് പുനരുദ്ധാരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. മറ്റ് പല കാര്യങ്ങളും അവിടെ പരിശോധിക്കേണ്ടിവരും. പത്ത് നാനൂറ് സൂപ്പർവൈസറി സ്റ്റാഫാണ് ഇന്ന് അവിടെയുള്ളത്. ഇത് അടക്കമുള്ള എല്ലാ പ്രശ്നങ്ങളും പരിശോധിച്ചു കമ്പനി എങ്ങനെ നടത്തിക്കൊണ്ടു പോകാൻ സാധിക്കുമെന്ന് പരിശോധിച്ചു വേണ്ട കാര്യങ്ങൾ ചെയ്യാം.

(11) ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, സംസ്ഥാന ഗവൺമെന്റിന്റെ ഉടമയിലുള്ള ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ടി.സി.സി ഗുരുതരമായ പ്രതിസന്ധിയിലാണ്. ലാഭകരമായി നടന്നുവന്ന ഈ സ്ഥാപനം ഇന്ന് ഭീമമായ നഷ്ടത്തിലേക്ക് പോകുകയാണ്. ഈ നിലയ്ക്ക് പോയാൽ ബി.ഐ.എഫ്.ആർ. ന് ഇത് റഫർ ചെയ്യേണ്ടിവരും. ഇതുവരെ 23 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നാലഞ്ചു മാസത്തെ പ്രവർത്തനംകൊണ്ട് 10 കോടി രൂപയുടെ നഷ്ടം കൂടി വന്നിരിക്കുകയാണ്. മൊത്തം 33 കോടി രൂപയുടെ നഷ്ടത്തിൽ എത്തിയിരിക്കുന്നു. വളരെ ഗൗരവമായി ഗവൺമെന്റിന്റെ ശ്രദ്ധ വരേണ്ട സ്ഥാപനമാണ്. അഭിമാനകരമായ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നടന്നു വന്നിരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണിത്. ഇന്നത്തെ ഈ സ്ഥിതിയ്ക്ക് പരിഹാരമുണ്ടാക്കുവാൻ അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ടില്ലായെങ്കിൽ വളരെ പ്രയാസകരമായ സ്ഥിതിയിലേക്ക് പോകും. ഇപ്പോൾതന്നെ റിവൈവൽ സ്കീം സബ്മിറ്റ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിനു സമർപ്പിച്ചിരിക്കുന്ന റിവൈവൽ സ്കീമിനു പെട്ടെന്ന് അംഗീകാരമുണ്ടാകണം. അതിനുള്ള നടപടി വേഗത്തിൽ എടുക്കണം. അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യം, വൈദ്യുതി ചാർജിന്റെ നിരക്കിൽ വന്നിരിക്കുന്ന മാറ്റമാണ്. ഒരു യൂണിറ്റിനു 1.82 രൂപയ്ക്കുപകരം 2.48 രൂപ നല്കേണ്ടി വന്നിരിക്കുന്നു. ഇത് അഞ്ചുകൊല്ലത്തിലേക്ക് കമ്പനിക്ക് ബാധകമാകാതിരിക്കേണ്ടത് വളരെ അനിവാര്യമാണ്. 1978 ൽ ശ്രീ.പി.കെ. വാസുദേവൻനായർ വ്യവസായ വകുപ്പിന്റെ ചുമതലയും മുഖ്യമന്ത്രിയുമായിരുന്ന കാലഘട്ടത്തിൽ ഇങ്ങനെ ഒരു തീരുമാനമെടുക്കുകയുണ്ടായിട്ടുണ്ട്. അതുപോലെ കമ്പനിയുടെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് 5 വർഷക്കാലത്തേക്ക് വൈദ്യുതി നിരക്കിൽ വന്നിരിക്കുന്ന റിവിഷൻ, ടി.സി.സി ക്ക് ബാധകമാകാതിരിക്കാനുള്ള പ്രധാനപ്പെട്ട തീരുമാന

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടായെങ്കിൽ മാത്രമേ കമ്പനിയെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളു. അതു പോലെ ഫൈനാൻഷ്യൽ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ലോൺ ഒൺ ടൈം സെറ്റിൽമെന്റ് ഉണ്ടാകേണ്ട ആവശ്യമുണ്ട്. അതുപോലെ വൈദ്യുതി രംഗത്തെ കുടിശ്ശിക, ധനകാര്യ സ്ഥാപനങ്ങളിലെ കുടിശ്ശികയു മെല്ലാം കൂടി കമ്പനി വളരെ ഗുരുതരമായ സ്ഥിതിയിൽ രക്ഷപ്പെടുത്താൻ ആകാത്ത രീതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയ ന്തിരമായി ഇടപെട്ട് പ്രസ്റ്റീജ് ആയി പ്രവർത്തിക്കുന്ന ടി.സി.സി യെ രക്ഷി ക്കണം. വ്യവസായ വകുപ്പു മന്ത്രിയും അതുപോലെ ബന്ധപ്പെട്ടവരും ധനകാ ര്യവകുപ്പുമന്ത്രിയുമൊക്കെ ഇടപെട്ട് ഇതിനു അടിയന്തിരമായി പരിഹാരമുണ്ടാ ക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വളരെക്കാലം ലാഭകരമായി പ്രവർത്തിച്ചിരുന്ന കേരള സർക്കാർ ഉടമയിലുള്ള ടി.സി.സി 1997-98 മുതൽ കടുത്ത സാമ്പത്തിക പ്രതി സന്ധിയിലാണ്. 1998-99 സാമ്പത്തിക വർഷാവസാനത്തോടെ കമ്പനിയ്ക്ക് ഏകദേശം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 23 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വ്യവസായ രംഗത്തെ കടുത്ത സാമ്പത്തിക മാന്ദ്യംമൂലം കമ്പനിയുടെ ഉൽപ്പന്നങ്ങളെ ആശ്രയിച്ചു കഴിയുന്ന നിരവധി വ്യവസായ സ്ഥാപനങ്ങൾ തകർച്ചയെ നേരിടുന്നു. ഇതുമൂലം ടി.സി.സി യുടെ ഉൽപന്ന ങ്ങൾക്ക് കമ്പോളത്തിൽ ഭീമമായ വിലയിടിവ് അനുഭവപ്പെടുന്നു. ടി.സി.സി യുടെ പ്രവർത്തനത്തിന് പ്രധാന അസംസ്കൃത വസ്തുവായ വൈദ്യുതി യുടെ നിരക്കിലുണ്ടായ വർദ്ധനവ് ദോഷകരമായി ബാധിച്ചിട്ടുണ്ട്. പുതിയ മെമ്പ്രയിൻസെൽ പ്ലാന്റിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്ത കട ത്തിന്റെ പലിശയുടെ ഭാരവും കേന്ദ്ര സർക്കാരിന്റെ ഉദാരമായ ഇറക്കുമതി നയംമൂലം 68 ശതമാനമായിരുന്ന കാസ്റ്റിക് സോഡയുടെ ഇറക്കുമതി ചുങ്കം 30 ശതമാനമായി കുറഞ്ഞതുമാണ് ടി.സി.സി യുടെ തകർച്ചയ്ക്കുള്ള പ്രധാന കാരണങ്ങൾ. ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽതന്നെ 12 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വൈദ്യുതി ചാർജ് ഇനത്തിൽ വൈദ്യുതി ബോർഡിനും പലിശയിനത്തിൽ ധനകാര്യ സ്ഥാപനങ്ങൾക്കും വലിയ തുക കൂടിശ്ശികയായി നല്കാനുണ്ട്. ഈ നില തുടർന്നാൽ ഈ സാമ്പത്തികവർഷാവസാനം ഒരു പിഢിത യൂണിറ്റാക്കുകയും ബി.ഐ.എഫ്. ആർ. പരിധിയിൽ വരികയും ചെയ്യും. ഈ ദുരവസ്ഥയിൽനിന്നും കമ്പനിയെ രക്ഷപ്പെടുത്താൻ മാനേജ്മെന്റ് ഒരു പുനരുദ്ധാരണ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1999 മേയ് 15 ന് നടപ്പിലാക്കിയ വൈദ്യുതി നിരക്ക് വർദ്ധന അടുത്ത 5 വർഷത്തേക്ക് റ്റി.സി.സി ക്ക് ബാധകമാക്കാതെ പഴയ നിരക്ക് നില നിറുത്തുക എന്നത് അവരുടെ ഡിമാന്റിൽ ഒന്നാണ്. വികസന പദ്ധതികൾക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള പലിശയും കടവും തിരിച്ചടയ്ക്കുക; അതിന് സർക്കാരിന്റെ റിവൈവൽ ഫണ്ടിൽനിന്നും സഹായം കൊടുക്കണം. പുതിയ ഒരു മെമ്പ്രയിൻ സെൽ വയ്ക്കണം. അങ്ങനെ അവരുടെ നിരവധി നിർദ്ദേശങ്ങളുണ്ട്. അതുപോലെതന്നെ രണ്ട് ജല വൈദ്യുത പദ്ധതികൾ, പ്രത്യേകിച്ചും ഇതിന്റെ റാ മെറ്റീരിയൽ വളരെ വിലയുള്ള വൈദ്യുതിയായതു കൊണ്ടുതന്നെ, അതിന് ചെലവ് കുറഞ്ഞുള്ള വൈദ്യുതി ലഭിക്കുന്നതിന് ഏതാണ്ട് 16 മെഗാവാട്ടുള്ള രണ്ട് ജല വൈദ്യുത പദ്ധതികൾ തുടങ്ങണം. ഇതെല്ലാം നമ്മൾ പരിശോധിച്ചു പരിപാടികൾ ആസൂത്രണം ചെയ്തു കൊണ്ടിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട രണ്ടു ജല

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുത പദ്ധതികൾ ഈ സ്ഥാപനത്തിനുവേണ്ടി കിട്ടുന്നതിനുള്ള പരിശ്ര മവും നടത്തുന്നുണ്ട്. അതുപോലെ തന്നെ മെമ്പ്രയിൻ സെല്ലിനുവേണ്ടി എടുത്ത പണം ഞങ്ങൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ യൂട്ടിലൈ സേഷൻ പ്ളാന്റ് വയ്ക്കുന്നത് പരിശോധിച്ചപ്പോൾ ഉടനെതന്നെ ആവശ്യമില്ല, കുറച്ചു വൈകിയാലും മതിയാകുമെന്ന് മനസ്സിലായി. വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് എന്തു ചെയ്യുവാൻ കഴിയുമെന്ന കാര്യം പരി ശോധിക്കുന്നുണ്ട്. ടെൽക്ക് നല്ലൊരു സ്ഥാപനമാണ്. അതിനെ എങ്ങനെയും പരിരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള നടപടി എടുക്കണമെന്നാണ് തീരുമാനി ച്ചിട്ടുള്ളത്.

(12) പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി

[12 Noon] ശ്രീ. ജോണി നെല്ലൂർ : സർ, കേരളത്തിലെ പൈനാപ്പിൾ കൃഷി ക്കാർ നേരിടുന്ന വളരെ ഗൗരവമുള്ള ചില പ്രശ്നങ്ങൾ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാർ സ്വന്തമായി സ്ഥലമില്ലാതെ പാട്ടത്തിന് സ്ഥലമെടുത്ത് പൈനാപ്പിൾ കൃഷി ചെയ്യാനായി മുന്നോട്ടു വന്നു. അവർ രംഗത്തു വരുമ്പോൾ പൈനാപ്പിളിനു സാമാന്യം വില യുണ്ടായിരുന്നു. ഞാൻ ഈ സബ്മിഷനു നോട്ടീസ് നൽകുന്നത് കഴിഞ്ഞ മാസം 30-ാംതീയതിയായിരുന്നു. 30-ാം തീയതി നോട്ടീസ് നൽകുന്ന അവസര ത്തിൽ ഒരു കിലോ പൈനാപ്പിളിനു ഒന്നര രൂപ പോലും വിലയില്ലായിരുന്ന സമയം ആയിരുന്നു. ഒരു പക്ഷെ മന്ത്രി മറുപടി പറയുമ്പോൾ പറയും ഈ കഴിഞ്ഞ 3 ദിവസമായി സാമാന്യം നല്ല വില കിട്ടുന്നുണ്ട് എന്ന്. അത് അംഗീ കരിക്കുന്നു. അത് ഈ നോട്ടീസ് തന്നതിന്റെ പേരിലല്ല. ഇടയ്ക്കിടയ്ക്ക് ഇങ്ങനെ വില കൂടുകയും കുറയുകയും ചെയ്യുന്നുണ്ട്.

മി. സ്പീക്കർ : 30-ാം തീയതിയുള്ള നോട്ടീസ് സ്വീകരിക്കാൻ പാടില്ലാ ത്തതാണ്.

ശ്രീ. ജോണി നെല്ലൂർ : ഇത് അവിടുത്തെ വലിയൊരു പ്രശ്നമായതു കൊണ്ട് ഞാൻ മുൻകൂട്ടി നോട്ടീസ് തന്നുവെന്നേയുള്ളൂ. ഏതായാലും ഇപ്പോൾ എനിക്ക് ഇവിടെ ഉന്നയിക്കാനുള്ള കാര്യം, വളരെയേറെ ചെറുപ്പ ക്കാർ കാർഷികവൃദ്ധിയിൽനിന്നും വേറിട്ടു നിൽക്കുമ്പോൾ ഈ ഒരു രംഗത്തു മാത്രം കൃഷിയുമായി ബന്ധപ്പെട്ട് ആളുകൾ മുന്നോട്ടു വരുന്നു. റബ്ബറും തെങ്ങും പോയി. ഇപ്പോൾ പൈനാപ്പിളാണ്. ലക്ഷക്കണക്കിനു രൂപ ബാങ്കുക ളിൽ നിന്നും ലോണെടുത്ത് പൈനാപ്പിൾ കൃഷി ചെയ്യുമ്പോൾ ഒന്നര രൂപ പോലും ഒരു കിലോയ്ക്ക് വിലയില്ലാതെ വരുംപോൾ 40 ഉം 50 ഉം ലക്ഷം രൂപ ലോണെടുത്ത കൃഷിക്കാർ നിരാശയുടെ പടുകുഴിയിലാണ്. മൂന്നു ദിവസ മായി റംസാൻ വന്നതിന്റെ ഫലമായി ബോംബയിലേക്ക് കുറെ ലോഡ് പോയപ്പോൾ അൽപ്പം വില ഉയർന്നു. പക്ഷെ ഇതൊരു മൂന്നു ദിവസത്തിനകം വീണ്ടും താഴേയ്ക്കുപോകും. ഒരു രൂപപോലും വിലയില്ലാത്ത അവസ്ഥവരും. പൈനാപ്പിൾ വെട്ടാൻപോലും കഴിയാതെ വെട്ടിയെടുത്താൽ അതിനു ചെല വാകുന്ന തുകപോലും കിട്ടാതെ ബുദ്ധിമുട്ടുകയാണ്. യൂറോപ്യൻ സാമ്പ ത്തിക സമൂഹത്തിന്റെ ധനസഹായത്തോടുകൂടി പൈനാപ്പിൾ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി ഒരു പഴസംസ്ക്കരണ ഫാക്ടറി മൂവാറ്റുപുഴയിൽ വന്നു. ഇന്ന് അത് കൃഷിക്കാർക്ക് ഒരു ശാപമായി മാറിയിരിക്കുകയാണ്. എനിക്ക് അത് പറയാൻ വേദനയുണ്ട്. അവിടെ 90 ടൺ പൈനാപ്പിൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly